**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - 2023-24 ബജറ്റ് പ്രവൃത്തി - കോഴിക്കോട് ജില്ല - കോഴിക്കോട് നഗരസഭ പരിധിയിൽ ഉൾപ്പെടുന്ന **'വേങ്ങേരി മിനി സ്റ്റേഡിയം നിർമ്മാണം'** എന്ന പ്രവൃത്തിക്ക് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി.ബി) വകുപ്പ്**

സ.ഉ.(സാധാ) നം.2513/2025/LSGD തീയതി,തിരുവനന്തപുരം, 16-10-2025

---

പരാമർശം:- തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 22/01/2025 , 16/08/2025 എന്നീ തീയതികളിലെ LSGD/PD/40313/2024-DB4 നമ്പർ കത്തുകൾ

**<u>ഉത്തരവ്</u>**

2023-24 ലെ വിശദമായ ബജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II , വാല്യം II ൽ ക്രമ നമ്പർ 2799 ആയി ഉൾപ്പെടുത്തിയതും 20 % തുക വകയിരുത്തിയതുമായ കോഴിക്കോട് നഗരസഭ പരിധിയിൽ ഉൾപ്പെട്ടിട്ടുള്ള **'വേങ്ങേരി മിനി സ്റ്റേഡിയം നിർമ്മാണം'** എന്ന പ്രവൃത്തിയ്ക്കു ഭരണാനുമതി നൽകണമെന്ന് പരാമർശിത കത്ത് പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ ശിപാർശ സമർപ്പിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2023-2024 സാമ്പത്തിക വർഷത്തെ വിശദമായ ബജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II മരാമത്തുപണികളുടെ വിശദവിവരങ്ങൾ വാല്യം II-ൽ ക്രമ നമ്പർ. 2799 ആയി 20% തുക വകയിരുത്തി ഉൾപ്പെട്ടിട്ടുള്ള കോഴിക്കോട് നഗരസഭ പരിധിയിൽ ഉൾപ്പെടുന്ന **'വേങ്ങേരി മിനി സ്റ്റേഡിയം നിർമ്മാണം'** പ്രവൃത്തിക്ക് 75 ലക്ഷം രൂപയുടെ ( എഴുപത്തിയഞ്ച് ലക്ഷം രൂപ മാത്രം) ഭരണാനുമതി നൽകിയും, ടി പ്രവൃത്തിക്കാവശ്യമായ ചെലവ് 4217-60-051-94 (NP) എന്ന ശീർഷകത്തിൽ നിന്നും വഹിക്കുന്നതിനുള്ള അനുമതി നൽകിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
അഡീഷണൽ സെക്രട്ടറി

ഉത്തരവിൻ പ്രകാരം

Signed by
Smitha L
സെക്ഷൻ ഓഫീസർ
Date: 16-10-2025 16:27:07

1. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
2. ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്
3. സെക്രട്ടറി, കോഴിക്കോട് നഗരസഭ
4. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് എ&ഇ) തിരുവനന്തപുരം
5. ധനകാര്യ (വികസന) വകുപ്പ് (3053553/DEV-3/36/2025-Fin തീയതി 08/10/2025)(എ.എസ്.നം. AS/LGD/25/46773)
6. ചീഫ് മിഷൻ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
7. ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിങ്. ഐ & പി ആർ ഡി
8. കരുതൽ ഫയൽ (ഡി.ബി1/22/2025/എൽ.എസ്.ജി.ഡി)